# REVISED PROCEDURE FOR APPOINTMENT

നം.സി1/8822/2019

ക്ഷീരവികസനവകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം - 695 004
ഫോൺ:2445749 , 2445799
ഇ-മെയിൽ: dddtvm@gmail.com
തീയതി, 08-08-2019

## സർക്കുലർ 23/2019

വിഷയം: ക്ഷീരവികസന വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളുടെയും മേഖല സഹകരണ യൂണിയനുകളിലെയും നിയമനങ്ങൾ - നടപടിക്രമങ്ങൾ - നിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:

1. സഹകരണ സംഘം രജിസ്ട്രാറുടെ 07-06-1991-ലെ ഇഎം(2)25846/9018/91 നമ്പർ സർക്കുലർ.
2. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 24-04-1998-ലെ എച്ച്2-16530/94 നമ്പർ സർക്കുലർ.
3. 21-11-2018-ലെ ജി.ഒ(ആർ.റ്റി) നമ്പർ 117/2018/ഡിഡി സർക്കാർ ഉത്തരവ്.

കേരള സർക്കാർ ക്ഷീരവികസന വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളിലും മേഖലാക്ഷീരോല്പാദക സഹകരണ യൂണിയനിലും നിയമനം നടത്തുമ്പോൾ പാലിക്കപ്പെടേണ്ട പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ഇതിനാൽ പുറപ്പെടുവിക്കുന്നു.

### എ) പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾ

1. പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളിൽ നിയമനം ഉൾപ്പെടെ എല്ലാ കാര്യങ്ങളും 1969-ലെ കേരള സഹകരണ നിയമവും ചട്ടങ്ങളും അതിൽ കാലാകാലങ്ങളിൽ വരുന്ന ഭേദഗതികളും അനുശാസിക്കും പ്രകാരം നടത്തേണ്ടതാണ്.
2. പ്രാഥമിക ക്ഷീരസഹകരണസംഘങ്ങൾ (എസ്റ്റാബ്ലിഷ്മെന്റ്) ജീവനക്കാര്യം സംബന്ധിച്ച ഉപ നിബന്ധനകൾ, പ്രൊമോഷൻ പോളിസി ഉൾപ്പെടെയുള്ളവ

ക്ഷീരവികസന വകുപ്പ് ജില്ലാ ഓഫീസിൽ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.

3. ക്ഷീരസഹകരണ സംഘങ്ങൾ നിയമനം നടത്തുന്നതിന് പ്രാഥമിക നടപടികൾ ആരംഭിക്കുന്നതിനു മുൻപ് ബന്ധപ്പെട്ട തസ്തികകൾക്ക് മുൻകൂർ അംഗീകാരം വാങ്ങിയിരിക്കേണ്ടതാണ്. എന്നാൽ സെക്ഷൻ 80 പ്രകാരം ശമ്പള നിർണ്ണയം നടത്തിയ സംഘങ്ങളെ ക്ലാസിഫിക്കേഷൻ നിശ്ചയിച്ച് രജിസ്ട്രാർ നൽകിയിട്ടുണ്ടെങ്കിൽ തസ്തികകൾ നിശ്ചയിക്കുന്നതിന് മുൻകൂർ അനുമതി ആവശ്യമില്ല.

4. നേരിട്ടുള്ള നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള പരസ്യം കുറഞ്ഞത് ഒരു മലയാള വാർത്താ ദിനപത്രത്തിലെങ്കിലും വ്യക്തമായി പരസ്യം ചെയ്തിരിക്കണം. അപേക്ഷ സ്വീകരിക്കുവാൻ പരസ്യം പ്രസിദ്ധീകരിച്ച തീയതി മുതൽ 15 ദിവസം വരെ സമയം അനുവദിക്കേണ്ടതാണ്.

5. ഉദ്യോഗസ്ഥ നിയമനം നൂറ് മാർക്കിനുള്ള എഴുത്ത് പരീക്ഷയും ഇരുപത് മാർക്കിനുള്ള അഭിമുഖവും നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആയതിൽ നിന്നും മുൻഗണനാക്രമത്തിൽ മാത്രം നടത്തേണ്ടതാണ്.

6. എഴുത്ത് പരീക്ഷയിൽ ഡെയറി ടെക്നോളജി, ഡെയറി ഹസ്ബൻഡറി, സഹകരണ നിയമങ്ങളും ചട്ടങ്ങളും, അക്കൗണ്ടൻസി, പൊതുവിജ്ഞാനം, ലളിതമായ ഗണിതം, ഡെയറി കെമിസ്ട്രി, അനുബന്ധ നിയമങ്ങൾ എന്നീ വിഷയങ്ങൾ തസ്തികയുടെ പ്രാധാന്യം കണക്കിലെടുത്ത് ഉൾപ്പെടുത്തേണ്ടതാണ്.

7. എഴുത്ത് പരീക്ഷയിൽ 40% -മോ അതിനു മുകളിലോ മാർക്ക് ലഭിച്ചവരെ മാത്രമേ ഇന്റർവ്യൂവിന് പരിഗണിക്കാവൂ. ഇന്റർവ്യൂവിന് പരിഗണിക്കേണ്ട 40% ത്തിന് മുകളിലുള്ള കട്ട് ഓഫ് മാർക്ക് ഭരണസമിതിയ്ക്ക് നിശ്ചയിക്കാവുന്നതാണ്.

8. എഴുത്ത് പരീക്ഷ നടത്തുന്നത് സംബന്ധിച്ച അറിയിപ്പ് പരീക്ഷാർത്ഥികൾക്ക് നൽകി 15 ദിവസങ്ങൾ കഴിഞ്ഞു മാത്രമേ പരീക്ഷ നടത്താവൂ.

9. എഴുത്തു പരീക്ഷ പുറത്തുള്ള ഒരു അംഗീകൃത ഏജൻസി വഴി നടത്തേണ്ടതും, അഭിമുഖത്തിനുശേഷം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റ് പ്രാഥമിക ക്ഷീരസംഘങ്ങളും, മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയനുകളും ഡെയറി

രജിസ്ട്രാർക്ക് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന ദിവസം തന്നെ നേരിട്ടോ രജിസ്റ്റേർഡ് തപാലായോ അയക്കേണ്ടതാണ്.

10. എഴുത്ത് പരീക്ഷ നടത്തുന്ന അവസരത്തിൽ ഉത്തരക്കടലാസിൽ ഫാൾസ് നമ്പർ നൽകി ഉദ്യോഗാർത്ഥിയുടെ പേരും, മറ്റ് വിവരങ്ങളും രഹസ്യമായി വെച്ച് നീതിപൂർവ്വം മൂല്യനിർണ്ണയം നടത്തേണ്ടതും, എല്ലാ ഉത്തരക്കടലാസുകളും അനുബന്ധ രേഖകളും രണ്ട് വർഷക്കാലത്തേയ്ക്കോ ക്ഷീരവികസന വകുപ്പിന്റെ നിർദ്ദേശമനുസരിച്ചുള്ള കൂടുതൽ കാലയളവിലേയ്ക്കോ സൂക്ഷിച്ച് വയ്ക്കേണ്ടതാണ്.

11. അഭിമുഖത്തിനായുള്ള അറിയിപ്പ് അർഹരായ പരീക്ഷാർത്ഥികൾക്ക് നൽകി 7 ദിവസം കഴിഞ്ഞു മാത്രമേ അഭിമുഖം നടത്താവൂ.

12. പരീക്ഷ നടത്തുന്ന ഏജൻസി എഴുത്ത് പരീക്ഷയുടെ മാർക്കും അഭിമുഖത്തിന് അർഹരായവരുടെ ലിസ്റ്റും പ്രത്യേകം സീൽഡ് കവറിൽ ഉള്ളടക്കം ചെയ്ത് സംഘം ചീഫ് എക്സിക്യൂട്ടീവിന് സമർപ്പിക്കേണ്ടതാണ്. ഇവരെ അഭിമുഖം നടത്തി മാർക്ക് ലിസ്റ്റ് തയ്യാറാക്കിയ ശേഷം ക്വാറമുള്ള ഭരണസമിതി യോഗത്തിൽ വച്ച് സീൽഡ് കവർ തുറന്ന് അഭിമുഖത്തിന്റെ മാർക്കും, എഴുത്ത് പരീക്ഷയുടെ മാർക്കും ചേർത്ത് അന്തിമമായ റാങ്ക് ലിസ്റ്റ് തയ്യാറാക്കേണ്ടതും ആയത് ഹാജരായ എല്ലാ അംഗങ്ങളും ചീഫ് എക്സിക്യൂട്ടീവും ഒപ്പിട്ട് പ്രാഥമിക ക്ഷീരസഹകരണ സംഘം യോഗമിനിട്ട്സിൽ രേഖപ്പെടുത്തി അന്നുതന്നെ പ്രസിദ്ധീകരിക്കേണ്ടതുമാണ്. ഇപ്രകാരം പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിന് രണ്ട് വർഷം കാലാവധി ഉണ്ടായിരിക്കും. നിയമന സമയത്ത് ചീഫ് എക്സിക്യൂട്ടീവ് ഇല്ലാത്ത പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളിൽ നിയമനസംബന്ധമായ ചീഫ് എക്സിക്യൂട്ടീവിന്റെ ചുമതല പ്രസിഡന്റ് നിർവ്വഹിക്കേണ്ടതാണ്.

13. പുതിയതായി ആരംഭിക്കുന്നതോ പുനരുദ്ധാരണം മൂലം ആരംഭിക്കുന്നതോ ആയ പ്രാഥമിക ക്ഷീരസഹകരണ സംഘത്തിൽ പ്രാരംഭത്തിലെ സാമ്പത്തിക നിലയും പ്രത്യേക സാഹചര്യവും കണക്കിലെടുത്ത് തദ്ദേശവാസികൾക്ക് മുൻഗണന നൽകി നിയമനം നടത്തേണ്ടി വന്നാൽ രണ്ടുപേരെ ഇപ്രകാരം നിയമിക്കുന്നതിന് ജില്ല ക്ഷീരവികസന ഡെപ്യൂട്ടി ഡയറക്ടറുടെ മുൻകൂർ

അനുവാദം വാങ്ങേണ്ടതാണ്. ഇവർക്ക് വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ് അനുവദിക്കുന്ന പക്ഷം മൂന്ന് വർഷത്തിനകം ടി യോഗ്യത നേടിയിരിക്കണം. അതുവരെ കൺസോളിഡേറ്റഡ് ആയ ശമ്പളം മാത്രമേ നൽകാവൂ.

14. 10% തസ്തികകൾ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്യേണ്ടതും ടി തസ്തികയിൽ മറ്റുള്ളവരെ നിയമിക്കാൻ പാടില്ലാത്തതുമാണ്.

15. പ്രൊമോഷൻ മുഖേനയുള്ള നിയമനം നടത്തുകയാണെങ്കിൽ താഴെ ചേർക്കുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

    a) ഇത് സംബന്ധിച്ച ഉപചട്ടങ്ങൾ രൂപീകരിച്ച് മുൻകൂർ അനുവാദം വാങ്ങിയിരിക്കണം.

    b) സംഘങ്ങളിലെ ഉയർന്ന തസ്തികകളിലേയ്ക്കുള്ള നിയമനം യോഗ്യരായ/ അർഹരായ ഉദ്യോഗസ്ഥന്മാർ താഴെ തട്ടുകളിൽ ഉണ്ടെങ്കിൽ അംഗീകരിച്ച ഉപചട്ടം പ്രകാരം തന്നെ പ്രൊമോഷൻ നൽകിയിരിക്കണം.

    c) പ്രൊമോഷൻ അർഹത/യോഗ്യത ഉള്ളവർ ഇല്ലാതെ വരുന്ന അവസരത്തിൽ ഉയർന്ന തസ്തികകളിലേയ്ക്ക് മേൽ സൂചിപ്പിച്ച വ്യവസ്ഥ പ്രകാരം നേരിട്ടുള്ള നിയമനം നടത്താവുന്നതാണ്.

16. വളരെ അടിയന്തിര ഘട്ടങ്ങളിൽ ദിവസക്കൂലി/കരാർ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരെ നിയമിക്കേണ്ടി വന്നാൽ പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളിൽ ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ നടത്താവൂ. ഒരു കാരണവശാലും അപ്രകാരമുള്ള നിയമനങ്ങൾ വ്യവസ്ഥകൾ പാലിച്ചുള്ള സ്ഥിരനിയമനത്തിലും വിഘാതമാകാതെ ശ്രദ്ധിക്കേണ്ടത് ടി സ്ഥാപനത്തിലെ ചീഫ് എക്സിക്യൂട്ടീവിന്റെ ചുമതലയായിരിക്കും.

17. ഉപചട്ടങ്ങൾ/വ്യവസ്ഥകൾ പ്രകാരമുള്ള വിദ്യാഭ്യാസയോഗ്യത ഉള്ളവരെ മാത്രമേ നിയമനങ്ങൾക്ക് പരിഗണിക്കാൻ പാടുള്ളൂ. ഇക്കാര്യത്തിൽ എന്തെങ്കിലും ഇളവ് അനിവാര്യമായി വന്നാൽ രജിസ്ട്രാർ(ഡെയറി)-ടെ മുൻകൂർ അനുവാദം വാങ്ങേണ്ടതാണ്.

18. ചില നിയമനങ്ങളുടെ പ്രത്യേകതകളും കാലപരിധിയും യോഗ്യതകളും പരിഗണിച്ച് മേഖലാ യൂണിയനുകൾക്കോ പ്രാഥമിക സംഘങ്ങൾക്കോ

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്ക്കാലിക നിയമനം നടത്തേണ്ടതാണെന്ന് തോന്നുന്ന പക്ഷം മുൻകൂർ തീരുമാനമെടുത്ത് രജിസ്ട്രാർ(ഡെയറി)-ടെ അനുവാദം വാങ്ങിയശേഷം പത്രപരസ്യം ഇല്ലാതെതന്നെ നിയമനം നടത്താവുന്നതാണ്.

19. നോട്ടിഫൈ ചെയ്ത പോസ്റ്റുകളുടെ എണ്ണവും ലഭിച്ച അപേക്ഷകളുടെ എണ്ണവും ഒന്നുതന്നെ ആണെങ്കിലും എഴുത്തുപരീക്ഷയും കൂടിക്കാഴ്ചയും മുകളിൽ വിവരിച്ച മാനദണ്ഡങ്ങൾ പ്രകാരം തന്നെ നടത്തേണ്ടതാണ്.

20. പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളിലെ നിയമനങ്ങൾ മേൽ സൂചിപ്പിച്ച ഏതെങ്കിലും വ്യവസ്ഥകൾക്കോ കാര്യങ്ങൾക്കോ ഇളവ്, മാറ്റം, കൂട്ടിച്ചേർക്കൽ തുടങ്ങിയവ അനുവദിക്കാനുള്ള അധികാരം ഡയറക്ടർ, ക്ഷീരവികസന വകുപ്പ്/ രജിസ്ട്രാർ(ഡെയറി)-യിൽ മാത്രം നിക്ഷിപ്തമായിരിക്കും.

**ബി) മേഖലാസഹകരണ ക്ഷീരോല്പാദക യൂണിയനുകൾ**

1. മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയനുകളിലെ നിയമനം ഉൾപ്പെടെ എല്ലാ കാര്യങ്ങളും 1969-ലെ കേരള സഹകരണ നിയമവും ചട്ടങ്ങളും അതിൽ കാലാകാലങ്ങളിൽ വരുന്ന ഭേദഗതികളും അനുശാസിക്കും പ്രകാരം നടത്തേണ്ടതാണ്.

2. മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയനുകളിലെ നിയമനം സർക്കാർ ഉത്തരവ് (G.O (Rt) No.117/2018/DD തീയതി, 21-11-2018) പ്രകാരം രൂപീകരിച്ചിട്ടുള്ള റിക്രൂട്ട്മെന്റ് കമ്മിറ്റിയുടെ കാലാകാലങ്ങളിലെ തീരുമാനപ്രകാരമായിരിക്കുന്നതാണ്.

**ഡയറക്ടർ/ക്ഷീരസഹകരണ സംഘം രജിസ്ട്രാർ**
**ക്ഷീരവികസന വകുപ്പ്**

എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
മാനേജിംഗ് ഡയറക്ടർ, KCMMF
മാനേജിംഗ് ഡയറക്ടർ, TRCMPU, ERCMPU, MRCMPU

**പകർപ്പ്:**
ശേഖരസഞ്ചയം